## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 512** **29.11.2018 ൽ മറുപടിക്ക്.**

## ചരക്ക് സേവന നികുതി

| ചോദ്യം<br>ശ്രീ.കെ.ബാബു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ വർദ്ധനവ് അല്ലെങ്കിൽ കുറവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വരുമാനത്തിൽ 2018-19 സാമ്പത്തിക വർഷം 17 ശതമാനം വർദ്ധനവ് (31.10.2018 വരെ - ജി.എസ്.ടി. കോമ്പൻസേഷനും, ഐ.ജി.എസ്.ടിയും ഉൾപ്പെടെ) ഉണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ജി.എസ്.ടി യിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | വാറ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016-17 സാമ്പത്തിക വർഷം 265128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ ഇരുപത് ലക്ഷത്തിന് താഴെ വിറ്റുവരവുള്ളവരായിരുന്നു. ടിയാളുകൾ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. 223204 പേർ ജി.എസ്.ടി.യിലേക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24 ശതമാനം വരും. |

സെക്ഷൻ ഓഫീസർ